# അക്കാദമിക് മാസ്റ്റർ പ്ലാൻ

# വിഷൻ '29

## സമൂഹം ഹൈസ്കൂൾ, വടക്കൻ പറവൂർ
### ആലുവ വിദ്യാഭ്യാസജില്ല
### എറണാകുളം

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസ നിലവാരമുയർത്താൻ അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കിയിരിക്കുന്നു. കേരളത്തിലെ പൊതുസമൂഹം വളരെ പ്രതീക്ഷയോടെയാണ് ഈ സംരംഭത്തെ നോക്കിക്കാണുന്നത്. അടുത്ത ഘട്ടം അക്കാദമിക മാസ്റ്റർപ്ലാൻ പ്രവൃത്തിപഥത്തിലെത്തിക്കലാണ്. ഓരോ വിദ്യാലയവും വിവധ മേഖലകളിലായി ധാരാളം പരിപാടികൾ അക്കാദമിക മാസ്ററർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചില വിദ്യാലയങ്ങളിൽ ഇത് നൂറിൽ കവിയും. ഇത്രയധികം പരിപാടികൾ എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാനാകും എന്നതാണ് നാം നേരിടുന്ന വെല്ലുവിളി. പലകാരണങ്ങളാൽ സാധ്യായദിനങ്ങൾ നഷ്ടപ്പെട്ടതും അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവഹണത്തെ ബാധിച്ചിട്ടുണ്. വരുന്ന അഞ്ചുവർഷം കേരളത്തിലെ പൊതുവിദ്യാല.ങ്ങളുടെ സമഗ്ര വികസനം എന്ന സ്വപ്നമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നത്. അതിന്റെ ആദ്യ ചവിട്ടുപടിയാണ് നാം തയാറാക്കിയിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

1, എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

3. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക.

4. മികവ് 2022 USS-NMMS സ്കോളർഷിപ്പുകൾ, പത്താം തരത്തിൽ A+ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം എന്നിവ വർദ്ധിപ്പിക്കുക.

5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

7. അക്ഷരദീപം പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കുക.

8. കുട്ടിയുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തര മൂല്യനിർണ പ്രക്രിയയും നടത്തുക.

9. അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അദ്ധ്യാപകരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കുക.

10. പഠനത്തിൽ മുന്നോക്കം നില്ലുന്ന കുട്ടികൾക്ക് കൂടുതൽ മുന്നിലേക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

11. വിദ്യാലയ ലൈബ്രറി വികസനം സാധ്യമാക്കുക. (ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി)

12. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കുക.

13. അദ്ധ്യാപകരുടെ ICT പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കുക.

14. അധ്യാപകരുടെ നേതൃത്വത്തിൽ പുതിയതും നൂതനുവുമായടീച്ചിംഗ് എയ്ഡുകൾ തയാറാക്കി പഠനപ്രകിയ രസകരവും എളുപ്പമുള്ളതുമാക്കുക.

15. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.
16. കലാമേളകളിൽ സാധ്യമായ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി പാഠ്യേതരപ്രക്രിയകളിൽ കുട്ടികളുടെ വികാസം ഉറപ്പാക്കുക.
17. കായികമേളകളിൽ പരമാവധി ഇനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. അതിനായി കുട്ടികൾക്ക് മികച്ച പരിശീലനങ്ങൾ നൽകുക.

## അക്കാദമിക പ്രവർത്തനങ്ങൾ

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഞങ്ങളുടെ വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശ്യത്തോടെ പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, മധ്യകാല, ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയാറാക്കിയിരിക്കുന്നു. കാലാനുസൃതമായി സമൂഹത്തിൽ ഉണ്ടാകുന്ന കാഴ്ചപ്പാടുകളുടെ മാറ്റങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊണ്ട് അനുദിനം നവീകരിക്കപ്പെടുന്ന ഒരു രേഖയാണ് ഇതെന്ന ശാസ്ത്രസത്യം എടുത്തു പറയുന്നു.

## സ്കൂൾ ചരിത്രം

വടക്കൻ പറവൂരിലേയും പരിസര പ്രദേശങ്ങളിലേയും നിർധനരായ വിദ്യാർത്ഥികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പറവൂർ ബ്രാഹ്മണസമൂഹം 1953 ൽ പറവൂർ റിപ്പബ്ലിക് റോഡിനു തെക്കുവശത്ത് അഞ്ചര ഏക്കറോളം വിസ്തൃതിയിൽ പ്രകൃതിരമണീയമായ സ്ഥലത്ത് ആരംഭിച്ച

വിദ്യാലയമാണിത്. ശ്രീ ഡി നാരായണ അയ്യരുടെയും ശ്രീ ഹരിഹര സുബ്രഹ്മണ്യ അയ്യരുടെയും നേതൃത്വത്തിൽ 1953-ലാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഫസ്റ്റ് ഫോമിൽ 32 കുട്ടികളും ഫോർത്ത് ഫോമിൽ 58 കുട്ടികളും മാത്രമായി പ്രവർത്തനമാരംഭിച്ചു. 2 ഫുൾ ടൈം അധ്യാപകരും 3 പാർട്ട് ടൈം അധ്യാപകരുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിൽ ആൺകുട്ടികൾക്ക് മാത്രമായിരുന്നു ആദ്യഘട്ടത്തിൽ പ്രവേശനം. വാടക കെട്ടിടത്തിൽ ആരംഭിച്ച ഈ സ്ഥാപനത്തിനായി പിന്നീട് അഞ്ച് ഏക്കർ 15 സെൻറ് സ്ഥലം വാങ്ങിച്ചു. യശ:ശരീരനായ മുത്തുസ്വാമി അയ്യരായിരുന്നു പ്രഥമാധ്യാപകൻ. ആദ്യത്തെ എസ് എസ് എൽ സി 1954 ലാണ് പുറത്തിറങ്ങിയത്. 1957 ൽ പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചു. 1968 ൽ ഇന്നത്തെ കെട്ടിടത്തിന്റെ പണി പൂർത്തിയാവുകയും ശ്രീ കൃഷ്ണ മൂർത്തി അയ്യർ പ്രഥമാധ്യാപകനായി ചുമതലയേൽക്കുകയും ചെയ്തു. 1962 ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചു. 1965 സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ ആരംഭിച്ചു. നിരവധി പ്രാവശ്യം വിദ്യാഭ്യാസ ജില്ലാതലത്തിൽ നടത്തിയ ശാസ്ത്രമേളയിൽ ഈ വിദ്യാലയം ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. 1981 ൽ ബാംഗ്ലൂരിലും 1986 ൽ എറണാകുളം എസ് ആർ വി സ്കൂളിലും നടന്ന ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിൽ ഈ വിദ്യാലയത്തെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികൾ പങ്കെടുത്തു. 1984 സംസ്ഥാനതലത്തിൽ ശാസ്ത്ര മോഡലിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ രംഗത്തെ നേട്ടങ്ങൾ ഇതിൽ വളരെ മനോഹരമായി പ്രദർശിപ്പിച്ചിരുന്നു. ഈ നേട്ടമാണ് സംസ്ഥാനത്തിൽ 14 സ്കൂളുകളിൽ മാത്രം ആരംഭിച്ച കേന്ദ്ര ഗവൺമെൻറ് പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടറുകൾ ലഭിക്കാൻ ഇടയാക്കിയത്.

# വിദ്യാലയത്തിന്റെ ഭൗതികവിവരങ്ങൾ

| | |
|---|---|
| യൂണിഫോം സ്കൂൾകോഡ് | : 25070 |
| പേര് | : സമൂഹം ഹൈസ്കൂൾ, |
| മേൽവിലാസം | : റിപ്പബ്ലിക് റോഡ്, നോർത്ത് പറവൂർ |
| പിൻകോഡ് | : 683513 |
| ഫോൺ നമ്പർ | : 9446547847 |
| ഇമെയിൽ വിലാസം | : samoohamhs@gmail.com |
| വെബ്സൈറ്റ് | : samooham.org |
| നിയോജകമണ്ഡലം | : പറവൂർ |
| ലോകസഭാമണ്ഡലം | : എറണാകുളം |
| മുനിസിപ്പാലിറ്റി | : പറവൂർ |
| റവന്യൂജില്ല | : എറണാകുളം |
| വിദ്യാഭ്യാസജില്ല | : ആലുവ |
| ഉപജില്ല | : പറവൂർ |
| ക്ലാസുകൾ | : 5-10 |
| പഠനമാധ്യമം | : മലയാളം, ഇംഗ്ലീഷ് |

# അക്കാദമികവികസനം - കാഴ്ചപ്പാട്

1. എല്ലാ കുട്ടികളുടെയും എല്ലാ വൈഭവങ്ങളേയും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.

2. പൊതുവിദ്യാഭ്യാസ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ എല്ലാ കുട്ടികളും ആർജ്ജിക്കുക.

3. കുട്ടികളിൽ പരസ്തരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.

4. ചുരുങ്ങയത് മൂന്നു ഭാഷകളിലെങ്കിലും (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) ആശയവികസനശേഷി ഉറപ്പുവരുത്തുക.

5. കുട്ടികളിൽ ക്രിയാത്മകത യുക്തിബോധം വിമർശനാത്മകം എന്നിവയിലധിഷ്ഠിതമായ ചിന്താശേഷി വികസിപ്പിക്കുക.

6. പഠനശേഷികളും പഠനമനോഭാവങ്ങളും വളർത്തുക.

7, മതേതരത്വ ജനാധിപത്യ ബോധമുള്ള പൗരൻമാരായി വളർത്തുക.

8. നമ്മുടെ സംസ്കാരത്തിനുയോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

9. എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക.

10. പാരിസ്ഥിതിക അവബോധം വളർത്തുക.

11. ശാസ്ത്രചിന്ത വളർത്തുക.

12. പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്.

13. രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്.

14. സമ്പൂർണ്ണ ശുചിത്വം - പ്ലാസ്റ്റിക് / കീടനാശിനി മുക്ത കാമ്പസ് സൃഷ്ടിക്കുക.

15. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

16. കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭാതികവും സർഗ്ഗാത്മകവുമായ പ്രവർത്തനപദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുക.

17.തീരുമാനമെടുക്കുന്നതിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും എല്ലാ പെൺകുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കുക.

18. ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ വിലയിരുത്തി പെൺ സൗഹൃദവിദ്യാലയസങ്കല്പം യാഥാർഥ്യമാക്കുക.

19. എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉറപ്പാക്കുക.

## നിലവിലെ അവസ്ഥാവിശകലനം

എല്ലാ വിഭവങ്ങളും ആവശ്യത്തിന് ഉണ്ടെങ്കിൽ മാത്രമേ ഒരു വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾ സാധ്യമാകൂ. അവയിൽ പ്രധാനപ്പെട്ടവ ഭൗതികസാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, ധനം തുടങ്ങിയവയാണ്. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനുമുള്ള അവസരവും സൗഹൃദപരമായ അന്തരീക്ഷവും ഒരുക്കേണ്ടതുണ്ട്. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അവയുടെ ലഭ്യതയും കാര്യക്ഷമതയുമാണ്. വിദ്യാർത്ഥികളിൽ ഒരോരുത്തരുടേയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും കഴിയുമ്പോഴും ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമ്പോഴുമാണ് ഒരു വിദ്യാലയം മികവുറ്റതാകുന്നത്.

വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | ക്ലാസ്സ് 5 | ക്ലാസ്സ് 6 | ക്ലാസ്സ് 7 | ക്ലാസ്സ് 8 | ക്ലാസ്സ് 9 | ക്ലാസ്സ് 10 | ആകെ |
|---|---|---|---|---|---|---|---|
| 2021-22 | | | | | | | |
| 2022-23 | | | | | | | |
| 2023-24 | | | | | | | |
| 2024-25 | | | | | | | |
| 2025-26 | | | | | | | |

അധ്യാപകരുടെ എണ്ണം

UP

HS

അനധ്യാപകർ

**ഭൗതികസൗകര്യങ്ങൾ**

വിദ്യാലയമികവുകൾ
പച്ചക്കറിത്തോട്ടം
ഔഷധത്തോട്ടം
ശലഭോദ്യാനം
മഴവെള്ള സംഭരണിയും മഴക്കുഴികളും
മാലിന്യ സംസ്കരണ സംവിധാനം
ജൈവകമ്പോസ്റ്റ്
സ്കൂൾ ബസ്
എല്ലാ കുട്ടികളുടെയും ഭവനസന്ദർശനം
ഹരിതവിദ്യാലയം
ലൈബ്രറി നവീകരണവും, ഡിജിറ്റലൈസേഷനും
IT, Science, Maths Lab നവീകരണം
Language Labs
Class Library
Dining Hall

## നിലവിലെ അക്കാദമിക അവസ്ഥാവിശകലനം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഈ അധ്യയനവർഷം SSLC പരീക്ഷ എഴുതുന്ന കുട്ടികളിൽ A+ നേടുന്നവരുടെ എണ്ണം വർധിപ്പിക്കുന്നതിനും പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പിന്തുണ നൽകി ഓരോ കുട്ടിയേയും മികച്ച നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അത്തരം കുട്ടികൾക്കായി എല്ലാ വിഷയങ്ങൾക്കും സ്പെഷ്യൽ കോച്ചിങ് എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 9.30 വരെയും കൂടാതെ എല്ലാ ശനിയാഴ്ചകളിലും സംഘടിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ special coaching ജൂൺ 18 മുതൽ സംഘടിപ്പിച്ചു.

1. ഭാഷാവികാസം

വിഷയം - മാതൃഭാഷ / മലയാളം

ലക്ഷ്യങ്ങൾ

1. മുഴുവൻ കുട്ടികൾക്കും സർഗാത്മകരചനകൾക്കുള്ള അവസരം നൽകുക.
2. എല്ലാ കുട്ടികളിലും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
3. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസസാധ്യതകളെ പ്രയോജനപ്പെടുത്തുക.

**ഹ്രസ്വം**

UP

കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ, മലയാളത്തിളക്കം, ശ്രദ്ധ(അക്ഷരദീപം ക്ലാസ്)

പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം, നിഘണ്ടുനിർമ്മാണം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ, സൂചനകൾ നൽകി കഥ, കവിതാരചന, നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവതരണം, നാടൻ കലകളുടെ പ്രദർശനം, അവതരണം എന്നിവ ഉൾപ്പെടുത്തുക.

HS

ഒരു വിഷയത്തെക്കുറിച്ച് പ്രസംഗം, പ്രഭാഷണം എന്നിവ തയ്യാറാക്കുക, പോസ്റ്റർ നിർമാണം, കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഉപന്യാസരചന, സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ, ലൈബ്രറി പുസ്തകവായന, നവപ്രഭ ക്ലാസ്സ്, പാഠപുസ്തകവായന, ഡയറി എഴുത്ത്, അനുഭവക്കുറിപ്പ്, പുസ്തകവായന, വായിച്ച പുസ്തകത്തിന്റെ ആശയം കുറിക്കൽ, അടുത്തുള്ള വിദ്യാലയത്തിലെ ലൈബ്രറി സന്ദർശനം, രണ്ട് പുസ്തകക്കുറിപ്പ് വിഷയം നൽകി കഥ, കവിതാരചന, പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സാഹിത്യക്വിസ്, ഫീൽഡ് ട്രിപ്പ് (കലാമണ്ഡലം), അനുഭവക്കുറിപ്പ്, പ്രതവാർത്താ ശേഖരണപതിപ്പ് എന്നിവ തയാറാക്കുക.

**മധ്യമം**

UP

കഥാപതിപ്പ്, കവിതാപതിപ്പ്, ചിത്രപതിപ്പ് വാക്യരചനാപുസ്തകമത്സരം, (ക്ലാസ്സ് തലം), പദച്ചേരുവകൾ, കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ, ലൈബ്രറി പുസ്തകം ഒരു പേജ് വായിച്ച് ആശയം എഴുതി തെറ്റ് തിരുത്തൽ, ചുമർപത്രം, ആസ്വാദനക്കുറിപ്പ് മത്സരം, കവിയരങ്ങ്, കാവ്യകേളി, കാവ്യാലാപനം, അക്ഷരശ്ലോകം, ദൃശ്യാവിഷ്കാരം, പത്രവാർത്തകൾ, നാടൻപാട്ട്, പരിശീലനം എന്നിവയിൽ ശില്പശാല നടത്തി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക.

HS

എല്ലാ കുട്ടികൾക്കും സ്കൂൾ അസംബ്ലിയിൽ പ്രസംഗിക്കാനുള്ള അവസരം നൽകുക, അസംബ്ലിയിൽ പ്രഭാഷണം അവതരിപ്പിക്കുക, ഉപന്യാസരചനാമത്സരം, പുസ്തകക്കുറിപ്പ് തയാറാക്കൽ, പത്രവാർത്തകൾ ശേഖരിച്ച് അവയുടെ വായനാമത്സരം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹിത്യരചനകൾ, കൊളാഷ്, ആസ്വാദനക്കുറിപ്പ് തയാറാക്കൽ, കാർട്ടൂൺ, വായനാക്കുറിപ്പ് മത്സരം സ്കൂൾ തലത്തിൽ കവിയരങ്ങുകൾ, സെമിനാറുകൾ പ്രാദേശികകലാരൂപങ്ങൾ, യാത്രാവിവരണങ്ങൾ, സാഹിത്യചരിത്രരചന ദൃശ്യാവിഷ്കാരം, പത്രവാർത്ത തയാറാക്കൽ എന്നവയിൽ മികച്ച പരിശീലനങ്ങൾ നൽകുക.

**ദീർഘം**

UP

എന്റെ സ്വന്തം കവിതാസമാഹാരം, ചിത്രസമാഹാരം, കഥാസമാ ഹാരം, വർക്ക്ഷീറ്റ്, പാഠവായന, ന്യൂസ്പേപ്പർ വായന, പദസൂര്യൻ പൂർത്തിയാക്കൽ, വിട്ടുപോയവ കണ്ടെത്തൽ, തിരക്കഥാരചന, കവിതാരചന, കഥാരചന സ്വന്തമായി വിഷയം തെരഞ്ഞെടുത്ത് കഥ/ കവിത രചിക്കൽ, ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, നാടൻപാട്ട് അവതരണം എന്നിവയലുള്ള പരിശീലനങ്ങൾ.

HS

ആൽബങ്ങളുടെ പ്രദർശനം. ക്ലാസ്സ്തലത്തിലും സ്കൂൾതലത്തിലും എന്റെ ഡയറി, യാത്രാവിവരണം, ഓർമക്കുറിപ്പുകൾ, വിവരണം, വർണ്ണനനാടകരചന, തിരക്കഥാരചന, ഷോർട്ട്ഫിലിം നിർമാണം, വിമർശനാത്മകപഠനം, സാഹിത്യമേളകൾ, ദിനാചരണമത്സരങ്ങൾ തൽസമയ സംപ്രേഷണം, ദൃക്സാക്ഷി വിവരണം എന്നിവ സംഘടിപ്പിക്കുന്നതിലുള്ള പരിശീലനങ്ങൾ നൽകുക.